പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2528 — 18.06.2014 ൽ മറുപടിക്ക്.

## സ്വകാര്യ മേഖലയിലെ നേഴ്സമാരുടെ മിനിമം വേതനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി. ശ്രീരാമകൃഷ്ണൻ | ശ്രീ. ഷിബു ബേബി ജോൺ<br>തൊഴിലും പുനരധിവാസവും വകുപ്പ് മന്ത്രി |
| (എ) സ്വകാര്യ മേഖലയിൽ നേഴ്സമാർക്ക് മിനിമം വേതനം ശുപാർശ ചെയ്ത ബലരാമൻ കമ്മിറ്റി റിപ്പോർട്ട് നടപ്പാക്കി യിട്ടുണ്ടോ; | (എ) ബലരാമൻ കമ്മീഷൻ റിപ്പോർട്ടിലെ തൊഴിൽ വകുപ്പുമായി ബന്ധപ്പെട്ട 19 മുതൽ 30 വരെയുള്ള ശുപാർശക ളിലെ 3 വിഭാഗങ്ങളായ വേതന വർദ്ധന, ജോലി സമയം, ട്രെയിനിംഗ് എന്നിവയിൽ സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർ ഉൾപ്പെടെയുള്ള ജീവനക്കാരുടെ ശമ്പള പരിഷ്ക്കരണ വിഷയത്തിൽ വ്യവസായ ബന്ധസമിതിയിൽ നിര ന്തരം ചർച്ചകൾ നടക്കുകയും സമിതിയിൽ കൈക്കൊണ്ട തീരുമാനത്തിന്റെ അ ടിസ്ഥാന ത്തിൽ ടി ജീവനക്കാരുടെ മിനിമം വേതനം പരിഷ്ക്കരിച്ചു കൊണ്ട് 05.11.2013 ലെ സ.ഉ (എം.എസ്) നം.135/2013/തൊഴിൽ ഉത്തരവ് പ്രകാരം സർക്കാർ വിജ്ഞാപനം പുറപ്പെടുവി ച്ച് നടപ്പാക്കിയിട്ടുണ്ട്. നഴ്സുമാരുടെ ട്രെയിനിംഗിനെ സംബന്ധിച്ച് വ്യവസായ ബന്ധ സമിതി വ്യക്തമായ തീരുമാനം കൈക്കൊള്ളുകയും 23.05.2013 ലെ സ.ഉ.(സാധാ) നം. 893/2013/തൊഴിൽ |

ഉത്തരവ് പ്രകാരം ജനറൽ നഴ്സിംഗ് കോഴ്സ് പാസ്സായവരുടെ പാസ്സായവരുടെ സ്റ്റൈപ്പന്റ് 5,100/- രൂപയിൽ നിന്നും 6,000/- രൂപയായും ബി.എസ്.സി. നഴ്സിംഗ് കോഴ്സ് പാസ്സായവരുടെ സ്റ്റൈപ്പന്റ് 5,310/- രൂപയിൽ നിന്നും 6,500/- രൂപയായും നിശ്ചയി ച്ചിട്ടുണ്ട്. കൂടാതെ പ്രാക്ടിക്കൽ ട്രെയിനിംഗ് കാലയളവ് പരമാവധി ഒരു വർഷം എ ന്നും നിജപ്പെടുത്തിയിട്ടുണ്ട്. പ്രാക്ടിക്കൽ ട്രെയിനിംഗ് നടത്തുന്ന സ്വകാര്യ ആശുപത്രിയിലെ നഴ്സിംഗ് ജീവനക്കാരുടെ ആകെ എണ്ണത്തിന്റെ ഇരുപത്തി അഞ്ച് ശതമാനത്തിലധികം ട്രെയിനികൾ പാടില്ലാ യെന്നും സ്ഥിര ജീവന ക്കാർക്ക് ലഭിക്കുന്ന യാതൊരു ആനുകൂല്യങ്ങൾക്കും ട്രെയിനി കൾക്ക് അർഹതയുണ്ടായിരിക്കി ല്ലായെന്നതുമായ വ്യവസ്ഥകൾ ടി ഉത്തരവിൽ നിഷ്കർഷിച്ചിട്ടുണ്ട്.

കൂടാതെ നഴ്സുമാരുടെ ഡ്യൂട്ടി സമയം (ഷിഫ്റ്റ്) സംബന്ധിച്ച് പഠിച്ച് റിപ്പോർട്ട് നൽകുന്നതിനായി സർക്കാർ നിയോഗിച്ച വീരകുമാർ കമ്മറ്റിയുടെ റിപ്പോർട്ടിലെ ശുപാർശകൾ സംബന്ധിച്ച് വ്യവസായ ബന്ധ സമിതിയിൽ ചർച്ചകൾ നടന്നുവരുന്നു.

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റിപ്പോർട്ട് പ്രകാരം നിലവിൽ നേഴ്സുമാർക്കും, പാരാമെഡിക്കൽ ജീവന ക്കാർക്കും ലഭിക്കുന്ന വേതനം എത്രയാണെന്ന് പരിശോധി ച്ചിട്ടുണ്ടോ; | (ബി) | പരിശോധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | മിനിമം വേതനം നൽകാത്ത സ്വകാര്യ ആശുപത്രികൾ സംസ്ഥാനത്തുണ്ടോയെന്ന് വ്യക്തമാക്കാമോ; | (സി) | 2013-14 കാലയള വിൽ സംസ്ഥാന വ്യാപകമായി ആശുപത്രികളിൽ നടത്തിയ സ്ക്വാഡ് പരിശോധനകളിൽ നിന്നും 27 ആശുപത്രികൾ മിനിമം വേതനം നൽകുന്നതിൽ വീഴ്ച വരുത്തിയതായി കണ്ടെത്തി യിട്ടുണ്ട്. |
| (ഡി) | ഉണ്ടെങ്കിൽ പ്രസ്തുത സ്ഥാപന ങ്ങൾക്കെതിരെ എന്തു നടപടി സ്വീകരിച്ചു; വിശദമാക്കാമോ? | (ഡി) | സ്വകാര്യ ആശുപത്രികളിലെ ഡോക്ടർമാർ ഒഴികെയുള്ള ജീവന ക്കാരുടെ മിനിമം വേതനം ഉറ പ്പുവരുത്താൻ തൊഴിൽ വകുപ്പ് ജില്ലകൾതോറും സ്ക്വാഡ് പരിശോധന നടത്തിയപ്പോൾ നിയമലംഘനം നടത്തിയതായി കണ്ടെത്തിയ 27 സ്വകാര്യആശുപത്രി മാനേജ്മെന്റുകൾക്കെതിരെ ക്ലെയിം പെറ്റീഷനുകൾ ഫയൽ ചെയ്തിട്ടു ണ്ട്. |

സെക്ഷൻ ആഫീസർ.